**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 69** **18-09-2025 - ൽ മറുപടിയ്ക്ക്**

**സീവേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ വി ജോയി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നഗരങ്ങളിലെയും വെള്ളക്കെട്ടുകളാൽ ചുറ്റപ്പെട്ട ജനസാന്ദ്രതയുള്ള ചതുപ്പ് പ്രദേശങ്ങളിലേയും ജലാശയങ്ങളിൽ കക്കൂസ് മാലിന്യം വൻ തോതിൽ കലരുന്നതിനാൽ കോളിഫോം ബാക്ടീരിയയുടെ അളവ് ജലത്തിൽ ക്രമാതീതമായി അധികരിച്ച് വിവിധ പകർച്ചവ്യാധികൾക്ക് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | കക്കൂസ് മാലിന്യം, വ്യവസായശാലകളിൽ നിന്നും ഒഴുക്കിവിടുന്ന രാസമാലിന്യങ്ങൾ, കാർഷികമേഖലയിൽ നിന്നും എത്തിപ്പെടുന്ന കീടനാശിനികൾ മുതലായവ പൊതു ജലസ്രോതസുകളെ മലിനമാക്കുന്നത് ഫലപ്രദമായി തടയുന്നതിന് നിലവിലെ നിയമങ്ങൾ പര്യാപ്തമാണോയെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ; | (ബി) | പരിശോധിക്കാവുന്നതാണ്, |
| (സി) | പുതുതായി സീവേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ് പദ്ധതികൾ ആവിഷ്കരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | അനുയോജ്യമായ പദ്ധതികൾ ഘട്ടംഘട്ടമായി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | ചെറുതും വലുതുമായ ജലാശയങ്ങൾ മാലിന്യമുക്തമാക്കുന്നതിനായി പ്രത്യേക ജനകീയ പദ്ധതികൾക്ക് രൂപം നൽകുമോ; വിശദമാക്കാമോ? | (ഡി) | വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും ജനപങ്കാളിത്തത്തോടെയും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ